കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2018-19 - ലൈഫ് - ഗ്രാമപഞ്ചായത്തുകൾക്കുള്ള വിഹിതം - ഭവന നിർമ്മാണത്തിന് വകയിരുത്തിയിട്ടുള്ള തുക ഉപയോഗിച്ച് പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന് ഭവന സമുച്ചയം നിർമ്മിക്കാനും ചുറ്റുമതിൽ നിർമ്മിക്കാനും - നിർമ്മാണം കോസ്റ്റ് ഫോർഡിനെ ഏൽപ്പിക്കാനും - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 2196/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 09/08/2018

പരാമർശം :- 1. കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 21.06.2018-ലെ ബി.പി3/153/17/കെ.എം.ആർ നമ്പർ കത്ത്.

2. തിരുവനന്തപുരം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 25.06.2018-ലെ 220/18-19/DPC/DPO/TVPM നമ്പർ കത്ത്.

3. 18/07/2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.30

**ഉത്തരവ്**

2018-19-ൽ ലൈഫ് ഗ്രാമപഞ്ചായത്തുകൾക്കുള്ള വിഹിതം എന്ന പേരിലുള്ള പ്രോജക്ടിൽ 1,34,94,000/-(ഒരു കോടി മുപ്പത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി നാലായിരം) രൂപ (പ്രോ.നം.73/19-SCSP) ഭവന നിർമ്മാണത്തിന് വകയിരുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് SCSP പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിൽ 2017-18 ൽ 80 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ടെന്നും ഈ സ്ഥലത്ത് ഭവന സമുച്ചയം നിർമ്മിക്കാനും ചുറ്റുമതിൽ നിർമ്മിക്കാനും നിർമ്മാണം കോസ്റ്റ് ഫോർഡിനെ ഏൽപ്പിക്കാനും അനുമതി നൽകണമെന്ന് കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം 18/07/2018 തീയതിയിൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ചു പരാമർശം (3) തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് SCSP പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിൽ 2017-18 ൽ വാങ്ങിയിട്ടുള്ള 80 സെന്റ് സ്ഥലത്ത് ഭവന സമുച്ചയം നിർമ്മിക്കാനും ചുറ്റുമതിൽ നിർമ്മിക്കാനും നിർമ്മാണം കോസ്റ്റ് ഫോർഡിനെ ഏൽപ്പിക്കാനും ഇതിനാൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി/പ്രസിഡന്റ്, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത്.
ജില്ലാ പ്ലാനിംഗ് ഓഫീസർ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ